# <u>അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് - 2022</u>

## <u>മാർഗ്ഗനിർദ്ദേശങ്ങൾ</u>

13.01.2022-ലെ സർക്കാർ ഉത്തരവിന്റെ (സ.ഉ.(സാധാ)നം.19/2022/വനം) അടിസ്ഥാനത്തിൽ 2022 വർഷത്തെ അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് 2022 ജനുവരി 18-ാം തീയതി മുതൽ ഫെബ്രുവരി 26-ാം തീയതി വരെ നടത്തുന്നതാണ്. Online registration വഴി പരമാവധി 75 പേർക്കുമാത്രമേ ഒരു ദിവസം പ്രവേശനം അനുവദിക്കുകയുള്ളൂ. Online registration-ൽ ഉണ്ടാകാവുന്ന cancellation ഉൾപ്പെടെ ഓഫ്ലൈൻ വഴി ഒരു ദിവസം പരമാവധി 25 പേർക്ക് അനുമതി നൽകുന്നതാണ്.

- ഇന്റർനെറ്റ് കണക്ഷനും ***Net Banking/Debit Card/Credit Card സൗകര്യവുമുള്ളവർക്ക് സ്വന്തമായി വനം വകുപ്പിന്റെ <u>www.forest.kerala.gov.in</u>*** എന്ന വെബ്സൈറ്റ് അല്ലെങ്കിൽ serviceonline.gov.in/trekking സന്ദർശിച്ച് ഓൺ ലൈനായി രജിസ്റ്റർ ചെയ്ത് ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.
- Online ***ബുക്കിംഗ് സൗകര്യം 2022 ജനുവരി 15-ാം തീയതി വൈകുന്നേരം 4.00 മണി മുതൽ ലഭ്യമാകുന്നതാണ്.*** അക്ഷയകേന്ദ്രങ്ങളിൽ പ്രവേശന ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവർ അവരുടെയും ടീം അംഗങ്ങളുടെയും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി കൊണ്ടുവരേണ്ടതാണ്. ട്രക്കിംഗിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും തിരിച്ചറിയൽ കാർഡ് നമ്പർ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.
- **ഒരാൾക്കുള്ള ടിക്കറ്റ് നിരക്ക് *1,580/-* രൂപയാണ്**. പരമാവധി **5** പേരുകൾ മാത്രമേ ഒരു ടിക്കറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അക്ഷയകേന്ദ്രങ്ങളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവരിൽ നിന്നും ടിക്കറ്റ് നിരക്കിന് പുറമേ payment gateway ചാർജ്ജും സേവനനിരക്കും ചേർത്ത് താഴെ പറയുന്ന തുക ഈടാക്കുന്നതായിരിക്കും.

  **ഒന്നുമുതൽ അഞ്ചുപേർ വരെയുള്ള ടിക്കറ്റിന് - 50/-** രൂപ
- ട്രക്കിംഗിന് അനുമതി ലഭിക്കുന്നതിനായി അപേക്ഷകന് ലൈഫ് ഇൻഷുറൻസ്/ ആക്സിഡന്റ് ഇൻഷുറൻസ് തുടങ്ങിയ ഏതെങ്കിലും ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതാണ്. വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ഈ ട്രക്കിംഗ് അതീവ ദുർഘടമായ വനപ്രദേശങ്ങളിലൂടെ ആയതിനാൽ നല്ല ശാരീരിക ക്ഷമതയുള്ളവർ മാത്രമേ ട്രക്കിംഗിൽ പങ്കെടുക്കാവൂ. 14 വയസ്സിനു താഴെയുള്ള കുട്ടി കൾക്ക് ട്രക്കിംഗിനായി അപേക്ഷിക്കുവാൻ സാധിക്കുകയില്ല. സ്ത്രീകൾക്ക് പ്രത്യേക പരിഗണനയുണ്ടായിരിക്കുന്നതല്ല.
- ടിക്കറ്റ് പ്രിന്റൗട്ടിന്റെ പകർപ്പും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ബോണക്കാടുള്ള ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ **ട്രക്കിംഗ് ദിവസം രാവിലെ 7 മണിക്കും 10 മണിക്കും ഇടയിൽ** എത്തിച്ചേരേണ്ടതാണ്. ടിക്കറ്റിൽ ഉൾപ്പെട്ട എല്ലാവരും ടിക്കറ്റ് പ്രിന്റൗട്ടിനോടൊപ്പമുള്ള സത്യപ്രസ്താവന ഒപ്പിട്ട് നൽകേണ്ടതാണ്. **10** പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി വഴി എർപ്പെടുത്തുന്ന ഒരു ഗൈഡിന്റെ സേവനം വിട്ടുനൽകുന്നതാണ്.
- അഗസ്ത്യാർകൂടം ഏറെ പാരിസ്ഥിതിക പ്രാധാന്യം അർഹിക്കുന്നതും UNESCO യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുന്നുതുമായതിനാൽ ട്രക്കിംഗിൽ പൂജാദ്രവ്യങ്ങൾ, പ്ലാസ്റ്റിക്, മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. വനത്തിനുള്ളിൽ പുകവലി, ഭക്ഷണം പാകം ചെയ്യൽ എന്നിവ അനുവദിക്കുന്നതല്ല. നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുവകകൾ വിലക്ക് ലംഘിച്ചു കൊണ്ടുപോകുന്നതിന് പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്ന തായിരിക്കും.
- കാനനപാതയിലൂടെയുള്ള യാത്രയിൽ വന്യജീവികളിൽ നിന്നും ആക്രമണം ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാൽ സത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം യാത്രക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ യാത്രനടത്തേണ്ടതാണ്. യാത്രയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പോ, ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയോ ഉത്തരവാദിയായിരിക്കുകയില്ല. സന്ദർശകരുടെ സൗകര്യാർത്ഥം ബോണക്കാട്, അതിരുമല എന്നീ സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്യാന്റീനുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്.

- കോവിഡ് ഭീഷണി നിലനിൽക്കുന്നതിനാൽ ട്രക്കിംഗ് യാത്ര ആരംഭിക്കുന്നതിന് 72 മണിക്കൂറിനുള്ളിൽ എടുത്ത ആർ.റ്റി.പി.സി.ആർ. നെഗറ്റീവ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 2 ഡോസ് കോവിഡ് വാക്സിൻ എടുത്തതിനുള്ള സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. വാക്സിനേഷൻ/ആർ.റ്റി.പി.സി.ആർ. സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
- കോവിഡ് ഭീഷണി നിലനിൽക്കുന്നതിനാൽ ട്രക്കിംഗിൽ പങ്കടുക്കുന്നവർ കോവിഡ് പ്രോട്ടോകാൾ കർശനമായി പാലിക്കേണ്ടതാണ്.
- ട്രക്കിംഗിൽ പങ്കെടുക്കുന്നവർ ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- കൂടുതൽ വിവരങ്ങൾക്ക് പി.റ്റി.പി.നഗറിലുള്ള തിരുവനന്തപുരം വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്
  (ടെലിഫോൺ നമ്പർ - 0471 – 2360762, 8281004537)

*തിയതി:14.01.2022*

*വൈൽഡ്ലൈഫ് വാർഡൻ*
*തിരുവനന്തപുരം*